LIBRARY ARCHIVES Kerala Legislative Assembly

1. ഷൈൻ അസോസിയേറ്റ്സ്, കോട്ടയം.
2. നിസാ ട്രാവൽസ്, കൊച്ചി സിറ്റി.
3. സേഫ് ട്രാവൽസ്, കൊച്ചി സിറ്റി.
4. സോഗോ ഇന്റർനാഷണൽ, കൊച്ചി സിറ്റി.

(ബി) മേൽപ്പറയുന്ന 4 ഏജൻസികളിലെ ഉടമകൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ക്രമ നമ്പർ	സ്ഥാപനം	ഉടമയുടെ പേര്
1	ഷൈൻഅസോസിയേറ്റ്സ്, കോട്ടയം	നിഷാദ്
2	നിസാ ട്രാവൽസ്, കൊച്ചി സിറ്റി	മുഹമ്മദ് അലി
3	സേഫ് ട്രാവൽസ്, കൊച്ചി സിറ്റി	ഷിജു മാത്യു
4	സോഗോ ഇന്റർനാഷണൽ, കൊച്ചി സിറ്റി	എമിൽ കെ. ആന്റണി

(സി) ഇല്ല.

സർവ്വകലാശാല പരീക്ഷകളിലെ കോപ്പിയടി

265 (269) ശ്രീ. സാജു പോൾ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർവ്വകലാശാല പരീക്ഷകളിലുൾപ്പെടെ കോപ്പിയടി വ്യാപകമായിരിക്കെ, ഇത്തരം കേസ്സുകളിൽ പോലീസ് അന്വേഷണം ഫലപ്രദവും സമയബന്ധിതവുമാക്കാൻ സർക്കാർ തയ്യാറാകുമോ ;

(ബി) മഹാത്മാഗാന്ധി സർവ്വകലാശാലയുടെ എൽ.എൽ.എം. പരീക്ഷയ്ക്ക് കോപ്പിയടിച്ചെന്ന് ആരോപണം നേരിടുന്ന ഐ.ജി. ടി. ജെ. ജോസിനെതിരെ സർക്കാർ സ്വീകരിച്ച ശിക്ഷാ നടപടികൾ വിശദമാക്കാമോ ;

(സി) എ.ഡി.ജി.പി.-യുടെ അന്വേഷണ റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടി എന്താണ് ; റിപ്പോർട്ടിന്റെ ഒരു പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഇത്തരം സംഭവങ്ങളിന്മേലുള്ള അന്വേഷണത്തിൽ പോലീസ് സഹകരണം ആവശ്യപ്പെട്ടാൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി&സി) എം. ജി. സർവ്വകലാശാല എൽ.എൽ.എം. പരീക്ഷയിൽ കോപ്പിയടി നടത്തിയെന്ന് ആരോപണവിധേയനായ ഐ.ജി. ടി. ജെ. ജോസിനെതിരെ നോർത്ത് സോൺ എ.ഡി.ജി.പി. പ്രാഥമിക അന്വേഷണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ ടിയാനെ തൃശ്ശൂർ റെയ്ഞ്ച് ഐ.ജി. യുടെ ചുമതലയിൽ നിന്നും മാറ്റുകയും ഈ വിഷയത്തിൽ വിശദമായി ക്രൈംബ്രാഞ്ച് മുഖേന അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എ.ഡി.ജി.പി. യുടെ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.

വിജിലൻസ് റെയ്ഡുകൾ

266 (270) ശ്രീ. രാജു എബ്രഹാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് ഇതുവരെ വിജിലൻസ് വകുപ്പ് എത്ര റെയ്ഡുകൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) വിവിധ സർക്കാർ വകുപ്പുകളിൽ വിജിലൻസ് നടത്തിയ റെയ്ഡുകളുടെ എണ്ണം പ്രത്യേകം ലഭ്യമാക്കാമോ ;

(സി) വിജിലൻസ് റെയ്ഡിൽ അഴിമതി കണ്ടെത്തിയ ഓഫീസുകളുടെയും സ്ഥാപനങ്ങളുടെയും വിവരം ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം 14 ജില്ലകളിലെ വിവിധ ഓഫീസുകളിലായി 4227 മിന്നൽ പരിശോധനകൾ നടത്തിയിട്ടുണ്ട്.

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly